# Malayala Manorama

## 19 August 2018

## Kalamassery, CUSAT, Navy, Community Kitchen



കൊച്ചി സർവകലാശാലയിലെ സ്കൂൾ ഓഫ് എൻജിനീയറിങ് കെട്ടിടത്തിൽ ഇന്ത്യൻ നേവി തുടങ്ങിയ കമ്യൂണിറ്റി കിച്ചനിൽ ദുരിതാശ്വാസ ക്യാംപുകളിലേക്കുള്ള ഭക്ഷണം തയാറാക്കുന്ന നേവി ഉദ്യോഗസ്ഥർ.

# ക്യാംപുകളിൽ ഭക്ഷണമെത്തിക്കാൻ നേവിയുടെ ‘കമ്യൂണിറ്റി കിച്ചൻ’

കളമശേരി ● ദുരിതാശ്വാസ ക്യാംപുകളിൽ ഭക്ഷണമൊരുക്കിയും ഭക്ഷണം എത്തിച്ചു നൽകിയും ഇന്ത്യൻ നേവി. കൊച്ചി സർവകലാശാലയിൽ സ്കൂൾ ഓഫ് എൻജിനീയറിങ്ങിലെ സിവിൽ ലാബ് കെട്ടിടത്തിലാണ് ഐഎൻഎസ് വെണ്ടുരുത്തിയിലെ ലഫ്റ്റനന്റ് കമൻഡാന്റ് ഒ. ജയപ്രകാശിന്റെ നേതൃത്വത്തിലുള്ള പതിനഞ്ചംഗ നേവി സംഘം ‘കമ്യൂണിറ്റി കിച്ചൻ’ ഒരുക്കിയിട്ടുള്ളത്. പ്രളയക്കെടുതിയിൽ ദുരിതമനുഭവിക്കുന്നവരെ താമസിപ്പിച്ചിട്ടുള്ള കേന്ദ്രങ്ങളിൽ ഉച്ചയ്ക്കും രാത്രിയിലും ഭക്ഷണം തയാറാക്കി എത്തിച്ചു നൽകുന്ന ശ്രമകരമായ ജോലിയിലാണു നേവി സംഘം മുഴുകിയിരിക്കുന്നത്. വെള്ളിയാഴ്ചയാണു കമ്യൂണിറ്റി കിച്ചൻ ആരംഭിച്ചത്. ദുരിതാശ്വാസ ക്യാംപ് പിരിച്ചുവിടുന്നതുവരെ കമ്യൂണിറ്റി കിച്ചനും പ്രവർത്തിക്കും.

കൊച്ചി സർവകലാശാലയിൽ സ്കൂൾ ഓഫ് എൻജിനീയറിങ്, സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്, സ്റ്റാറ്റിസ്റ്റിക്സ്, സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസ്, അപ്ലൈഡ് ഇക്കണോമിസ് ഡിപ്പാർട്ടുമെന്റുകളിൽ പ്രവർത്തിക്കുന്ന ക്യാംപുകളിലെ 2622 പേർക്കും തൃക്കാക്കര കാർഡിനൽ സ്കൂൾ, കാരുണ്യ, ഭാരതമാത കോളജ്, നൈപുണ്യ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ക്യാംപുകളിലെ 2180 പേർക്കും യുസി കോളജിലെ ക്യാംപിലെ 2000 പേർക്കുമുൾപ്പെടെ ഏഴായിരം പേർക്കു നേവി ഇന്നലെ ഉച്ചഭക്ഷണം നൽകി. 11,000 പേർക്കു ദിവസേന ഭക്ഷണം നൽകാനുള്ള തയാറെടുപ്പിലാണു നേവിയെന്നു ജയപ്രകാശ് പറഞ്ഞു.

യുസി കോളജിലെ ക്യാംപിൽ കമ്യൂണിറ്റി കിച്ചൻ തുടങ്ങാനാണു പദ്ധതിയിട്ടിരുന്നതെങ്കിലും കളമശേരിയിൽ നിന്ന് ആലുവയിലേക്കുള്ള ഗതാഗതം തടസ്സപ്പെട്ടതിനാൽ കുസാറ്റ് ക്യാംപസിൽ കമ്യൂണിറ്റി കിച്ചൻ ആരംഭിക്കുകയായിരുന്നു. നേവി സംഘം തയാറാക്കി നൽകുന്ന ഭക്ഷണം ക്യാംപിലുള്ളവർക്കു കുസാറ്റ് വിദ്യാർഥികളും അധ്യാപകരും ചിട്ടയായ പ്രവർത്തനത്തിലൂടെ പരാതിയ്ക്കിടയാക്കാതെയുള്ള ക്രമീകരണമാണു നടത്തുന്നത്. ഭക്ഷണം തയാറാക്കുന്നതിനുള്ള അരിയും പലവ്യജ്ഞനങ്ങളും പച്ചക്കറിയുമെല്ലാം എത്തിക്കുന്നതും പാചകം ചെയ്യുന്നതും നേവി തന്നെയാണ്.